# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2327 - 23.01.2014-ലെ മറുപടിക്ക്**

**സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്ന കർമ്മ പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യതയിൽ കേന്ദ്രത്തിലെ വിവിധ മന്ത്രാലയങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള കടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യതയിൽ കേന്ദ്രത്തിലെ വിവിധ മന്ത്രാലയങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള കടം **6359.08** കോടി രൂപയായിരുന്നു |
| (ബി) എത്ര കോടി രൂപ എഴുതിതള്ളണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; | 12-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്ത് നൽകിയ കേന്ദ്ര വായ്പയിൽ 31.03.2012-ൽ ബാക്കി നിൽപ്പുണ്ടായിരുന്ന **2716** കോടി രൂപ എഴുതി തള്ളുവാൻ ആവശ്യപ്പെട്ടിരുന്നു. |
| (സി) സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിന് എന്തൊക്കെ കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് കുറച്ചുകൊണ്ടും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി, പുതിയ നികുതി-നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തിക്കൊണ്ടും, വികസനാവശ്യത്തിനായി വിവിധ ഏജൻസികളിൽ നിന്നും പൊതു വിപണിയിൽ നിന്നും എടുക്കുന്ന വായ്പകളിൽ 13-ാം |

| | |
|---|---|
| | ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പരിധികൾ പാലിച്ചുകൊണ്ടും കൃത്യമായ സാമ്പത്തിക അച്ചടക്ക നടപടികളിലൂടെ അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്തിന്റെ കടബാധ്യത കുറച്ചുകൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**